വാരാന്ത്യപതിപ്പ് ലക്കം- 8 | JULY 11 - JULY 17

# മനസ്സ് നന്നാവട്ടെ

സെന്റ്. തോമസ് കോളേജ് (ഓട്ടോണമസ്), തൃശ്ശൂർ
എൻ എസ് എസ് യൂണിറ്റ് 42 & 144

## ഉള്ളടക്കം

**എൻ.എസ്.എസ് വാർത്തകൾ**

" ക്വിസ് മത്സരം "
പേജ് 1

"മലാല യൂസഫ് സായി"
പേജ് 1

"ബേപ്പൂർ സുൽത്താൻ"
പേജ് 2

ഫോട്ടോഗ്രാഫി മത്സരവും ചിത്രരചനാ മത്സരവും
പേജ് 2

വെബിനാർ
പേജ് 2


യുവജന നൈപുണ്യ ദിനം
പേജ് 3

അന്താരാഷ്ട്ര നീതിന്യായ ദിനം
പേജ് 3

**ചോദ്യം ഉത്തരം**
പേജ് 4

**അക്ഷരാഗ്നി**
പേജ് 4

**ചിന്താവിഷയം**
പേജ് 5





## ലോക ജനസംഖ്യ ദിനത്തോടനുബന്ധിച്ച് നടത്തിയ ക്വിസ് മത്സരത്തിലെ വിജയി

# എൻ.എസ്.എസ്. വാർത്തകൾ

## " ക്വിസ് മത്സരം "

ലോകജനസംഖ്യ ദിനത്തോടനുബന്ധിച്ച്
**11/07/2021** ഞായറാഴ്ച വൊളണ്ടിയേഴ്സിനായി ക്വിസ് മത്സരം നടത്തിയിരുന്നു. ഗൂഗിൾ മീറ്റ് വഴിയായിരുന്നു മത്സരം നടത്തിയത്. ആനന്ദ്. ആർ.കൃഷ്ണ ആയിരുന്നു ഒന്നാം സ്ഥാനം കരസ്ഥമാക്കിയത്.




## "മലാല യൂസഫ് സായി"

**12/ 7/ 2021** തിങ്കളാഴ്ച ലോക മലാല ദിനാചരണത്തിന്റെ ഭാഗമായി ഒരു വീഡിയോ നിർമ്മിച്ചു. മലാലയുടെ ജീവിതകഥയും അവരിൽ നിന്ന് പ്രചോദനമുൾക്കൊണ്ടവരെയും അടിസ്ഥാനമാക്കിയായിരുന്നു വീഡിയോ. വൊളണ്ടിയേഴ്സായ അനുഗ്രഹ, സ്റ്റാൽവിൻ, പൂജ.പി.ആർ, ആൻമരിയ, അയറിൻ  എന്നിവർ വീഡിയോയിൽ മലാലയെ കുറിച്ച് സംസാരിച്ചു.




## "ബേപ്പൂർ സുൽത്താൻ"

"അക്ഷരങ്ങളുടെ സുൽത്താൻ വൈക്കം മുഹമ്മദ് ബഷീർ " എന്ന വിഷയത്തിൽ യൂണിറ്റിന്റെ സോഷ്യോപോഡ്സ് എന്ന പോഡ്കാസ്റ്റിലൂടെ വളണ്ടിയർ ഐശ്വര്യ സംസാരിച്ചു.ഇതിലൂടെ വൈക്കം മുഹമ്മദ് ബഷീറിന്റെ ജീവിതകഥയും, പ്രധാന കൃതികളും പങ്കുവെച്ചു.

# ഫോട്ടോഗ്രാഫി മത്സരവും ചിത്രരചനാ മത്സരവും

അഭയം ഭവന നിർമ്മാണ പദ്ധതിയുടെ ധനശേഖരണാർത്ഥം കഴിഞ്ഞ ആഴ്ചകളിൽ തുടങ്ങിയ 'സൂം ഇൻ' ഫോട്ടോഗ്രാഫി മത്സരവും, 'തുസ്ക്ക' ചിത്രരചന മത്സരവും തുടർന്നുപോകുന്നു.






## വെബിനാർ

തൃശ്ശൂർ സെന്റ് തോമസ് കോളേജിലെ എൻ എസ് എസ് യൂണിറ്റും, ജില്ലാ വനിതാ ശിശു വികസന ഓഫീസും ചേർന്ന് വിദ്യാർഥികൾക്കായി "ജെൻഡർ സെൻസറ്റൈസേഷൻ" എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. പ്രിൻസിപ്പൽ ഫാ.മാർട്ടിൻ കെ എ വെബിനാർ ഉദ്ഘാടനം ചെയ്തു. ജസ്റ്റിൻ കെ ജോസഫ്, അഡ്വ. റീന ജോൺ എൻ എന്നിവരാണ് വെബിനാർ നയിച്ചത്. ലിംഗ വിവേചനത്തെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു വെബിനാർ.

# യുവജന നൈപുണ്യ ദിനം

ലോക യുവജന നൈപുണ്യ ദിനത്തിന്റെ ഭാഗമായി എൻ എസ് എസ് സന്നദ്ധപ്രവർത്തകർ ഒരു വീഡിയോ പുറത്തിറക്കി, വളണ്ടിയർമാരുടെ വിവിധ കഴിവുകളെ ഉൾപ്പെടുത്തിക്കൊണ്ട് ആയിരുന്നു വീഡിയോ. ശ്രീലക്ഷ്മി എ എം, സൂര്യ കെ രാഗേഷ്, അനഘ സി എസ്, ഹരികൃഷ്ണൻ ആർ, നിഹാരിക ടി എസ്, ജോമോൾ സി ജെ, അനുഗ്രഹ രഘു എന്നിവർ പങ്കെടുത്തു.




# അന്താരാഷ്ട്ര നീതിന്യായ ദിനം

അന്താരാഷ്ട്ര നീതിന്യായ ദിനത്തിന്റെ പ്രാധാന്യം ചൂണ്ടിക്കാണിച്ചുകൊണ്ട് എൻ എസ് എസ് വൊളണ്ടിയേഴ്സ് ഒരു വീഡിയോ പുറത്തിറക്കി.ഐ സി സിയെയും , അന്താരാഷ്ട്ര നീതിയെയും പിന്തുണയ്ക്കുന്നതിനുള്ള വഴികളെക്കുറിച്ച്  വീഡിയോയിൽ പരാമർശിച്ചു.

## ചോദ്യം ഉത്തരം




### ഇന്ത്യയിൽ എത്ര എൻ എസ് എസ് പ്രാദേശിക കേന്ദ്രങ്ങളുണ്ട്?

15

## അക്ഷരാഗ്നി -

**അനഘ.സി.എസ്**





**ചിന്താവിഷയം:**

"ഷൂവിന് വേണ്ടി ഞാൻ കരഞ്ഞിട്ടുണ്ട്.
കാലില്ലാത്തവനെ കണ്ടപ്പോൾ ഞാനതു നിർത്തി."

-ഷേക്സ്പിയർ-

@nss_stc_42_144